പതിമൂന്നാം കേരളനിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3902 | 15.12.2014 ന് മറുപടിയ്ക്ക്.

## വനം വകുപ്പിന്റെ കീഴിൽ ബോട്ടിംഗ് സർവ്വീസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എൻ.എ.ഖാദർ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്ത് വനം വകുപ്പിന്റെ കീഴിൽ ബോട്ടിംഗ് സർവ്വീസ് നടത്തുന്ന വിനോദസഞ്ചാര കേന്ദ്രങ്ങൾ ഏതൊക്കെയാണ്; | (എ) പെരിയാർ ടൈഗർ റിസർവ്വിൽ തേക്കടി ജലാശയത്തിലും നെയ്യാർ വന്യജീവി സങ്കേതത്തിലെ നെയ്യാർ ജലാശയത്തിലുമാണ് കേരളാ വനം വകുപ്പിനു കീഴിൽ വിനോദസഞ്ചാരികൾക്കായി ബോട്ട് സർവ്വീസ് നടത്തി വരുന്നത്. |
| (ബി) ഇത്തരം സർവ്വീസുകൾക്ക് ഉപയോഗിക്കുന്ന എത്ര ബോട്ടുകളാണ് നിലവിൽ പ്രവർത്തനക്ഷമമല്ലാതെയുള്ളതെന്ന വ്യക്തമാക്കുമോ; | (ബി) നെയ്യാർ ജലാശയത്തിൽ ഉപയോഗിക്കുന്ന രണ്ടു ബോട്ടുകൾ പ്രവർത്തനക്ഷമമല്ലാത്ത സ്ഥിതിയിലാണ്. |
| (സി) ബോട്ടുകൾ യഥാസമയം അറ്റകുറ്റപ്പണികൾ ചെയ്യാത്തു മൂലമുള്ള വരുമാന നഷ്ടം കണക്കാക്കാറുണ്ടോ; ഇല്ലായെങ്കിൽ വരുമാന നഷ്ടമുണ്ടാകാതിരിക്കുന്നതിന് ബോട്ടുകൾ യഥാസമയം പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) ബോട്ടുകൾ പ്രവർത്തനക്ഷമമല്ലാത്തതു നിമിത്തമുള്ള വരുമാന നഷ്ടം കണക്കാക്കിയിട്ടില്ല. നെയ്യാറിൽ പ്രവർത്തനക്ഷമമായ മറ്റു രണ്ടു ബോട്ടുകളുപയോഗിച്ച് വിനോദസഞ്ചാര പ്രവർത്തനങ്ങൾ നിർവ്വഹിച്ചു വരുന്നുണ്ട്. പ്രവർത്തനക്ഷമമല്ലാത്ത ബോട്ടുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) ഇത്തരം കേന്ദ്രങ്ങളിൽ ചെറിയ ബോട്ടുകളേക്കാൾ വലിയ ബോട്ടുകൾ ഉപയോഗിക്കുന്നത് കൂടുതൽ ലാഭകരവും സുരക്ഷിതവുമായിരിക്കുമെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) തേക്കടി ജലാശയത്തിൽ സർവ്വീസ് നടത്തുന്ന രണ്ടു ബോട്ടുകളും വലിയ ബോട്ടുകളാണ്. നെയ്യാറിലെ ബോട്ടുകൾ താരതമ്യേന ചെറുതാണെങ്കിലും ജലാശയത്തിലെ സാഹചര്യങ്ങൾക്കിണങ്ങുന്നതും സുരക്ഷിതവുമാണ്. |
| (ഇ) എങ്കിൽ കൂടുതൽ വലിയ ബോട്ടുകൾ സർവ്വീസിന് ഉപയോഗിക്കുന്ന കാര്യ പരിഗണിക്കുമോ? | (ഇ) ഉത്തരം (ഡി)യുടെ വെളിച്ചത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ